(സി) ഓരോ വിഭാഗത്തിനുമുള്ള ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി നോക്കി എസ്.ബി.ടി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. അമിത വേതനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 180042555214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള ധനസഹായം

296 (985) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ അപകട മരണത്തെത്തുടർന്ന് കുടുംബത്തിന് നൽകി വരുന്ന ധനസഹായം എന്നാണ് വർദ്ധിപ്പിച്ചതെന്നും അങ്ങനെ വർദ്ധിപ്പിച്ച തുക എത്ര തൊഴിലാളി കുടുംബങ്ങൾക്ക് നൽകുകയുണ്ടായി എന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) മാരകരോഗ ബാധിതർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധിപ്പിച്ച തുക എത്ര പേർക്ക് ഇതിനകം നൽകുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ അപകട മരണത്തെത്തുടർന്ന് കുടുംബത്തിന് നൽകിവരുന്ന ധനസഹായം 17-8-2007-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള രണ്ട് ലക്ഷം രൂപയെന്നത് മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ വിവിധ ഓഫീസുകളിലായി 233 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) 50,000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly